# കുടുംബബന്ധങ്ങൾ ഇടശ്ശേരിക്കവിതയിൽ

**കെ.എസ്.പി. കർത്താ**

"മർത്ത്യൻ സുന്ദരനാണു, കാരണമുയിർ-
ക്കൊള്ളും വികാരങ്ങൾ തൻ
നൃത്യത്തിന്നുമുതിർക്കുവാൻ സ്വയ-
മണിഞ്ഞിട്ടൊരരങ്ങാണവൻ
അത്യന്തം മഹനീയമേ. മഹിതമാ-
യാലും മറിച്ചാകിലും
തൻഭാവങ്ങളപൂർണമാണളവു
കോലെന്നുള്ള കാലംവരെ"

ഇടശ്ശേരി ഗോവിന്ദൻനായർ 1940-ലെഴുതിയ സൗന്ദര്യാരാധന എന്ന ചെറുകവിതയിലെ ഒരു ശ്ലോകമാണിത്. അപൂർണ ഭാവങ്ങളുടെ നൃത്തവേദിയാണ് മനുഷ്യമനസ്സ്. ദേഷ്യം, ഭക്തി, മദം, ദയ, ക്രൗര്യം, വാത്സല്യം, വിനയം, ധിക്കാരം തുടങ്ങിയ നാനാവികാരങ്ങൾക്ക് അടിമയാണ് മനുഷ്യൻ. സമൂഹ ജീവിതത്തിലെ ഈ വികാരങ്ങൾ ആളിക്കത്തിയും അണച്ചും അടങ്ങിയും ഉള്ള പ്രവർത്തനങ്ങളിൽ അവൻ ഏർപ്പെടുന്നു. കുടുംബജീവിതത്തിലും ഈ വികാരങ്ങൾ ഏറിയും കുറഞ്ഞും നൃത്തം വയ്ക്കുന്നതുകാണാം. ഈ മനുഷ്യരെ കഥയിലും കവിതയിലുമൊക്കെ പറിച്ചു നടുമ്പോൾ സ്രഷ്ടാവിന്റെ കരകൗശലം കൊണ്ട് ഓരോരുത്തർക്കും വ്യത്യസ്തമായ മുഖഛായ കൈവരുന്നു. അത്തരം ഒട്ടേറെ വ്യത്യസ്ത കഥാപാത്രങ്ങൾ ഇടശ്ശേരിയുടെ കാവ്യലോകത്ത് അരങ്ങേറുന്നുണ്ട്.

സമൂഹജീവിതത്തിന്റെ ഏററവും ചെറിയ ഘടകം (യൂണിററ്) കുടുംബമാണല്ലോ. അച്ഛനും അമ്മയും സഹോദരീ സഹോദരന്മാരും ഉൾപ്പെട്ട അനേകം കുടുംബങ്ങളുടെ കഥ ഇടശ്ശേരി കവിതയിലാക്കിയിട്ടുണ്ട്. ഇവരിൽ ഭിന്നസ്വഭാവമിയന്ന എത്രയോ മാതൃഹൃദയങ്ങൾ! വാത്സല്യത്തിന്റെയും ഉൽക്കണ്ഠയുടെയും വീരതയുടെയും ആകാരങ്ങളായ എത്രയെത്ര അമ്മമാർ! കവി രചിച്ച ഏററവും പ്രസിദ്ധങ്ങളായ രണ്ടു കഥാകാവ്യങ്ങളാണല്ലോ പൂതപ്പാട്ടും കാവിലെപാട്ടും. രണ്ടിലും ഈ രണ്ട് സ്ത്രീ കഥാപാത്രങ്ങളുണ്ട്. അമാനുഷ പ്രഭാവമുള്ള ഓരോ പുത്രാർഥിനിയും ദിവ്യതയിലേക്കുയരുന്ന രണ്ടമ്മമാരും. പൂതപ്പാട്ടിലെ കഥ പ്രശസ്തമാണല്ലോ. ആററിൻ വക്കിലെ മാളികവീട്ടിൽ നങ്ങേലിക്ക് ആററുനോററുണ്ടായ ഉണ്ണിയെ താഴത്തുവയ്ക്കാതെ തലയിലും വയ്ക്കാതെ അവൾ വളർത്തി. ഉണ്ണിക്ക് ഏഴ് വയസ്സ് തികഞ്ഞപ്പോൾ (അവനെ അണിയിച്ചൊരുക്കലിന്റെ ചന്തം ഒന്നു വേറെ തന്നെയാണ്) പള്ളിക്കൂടത്തിലേക്കയച്ചു.

"അങ്ങനെയങ്ങനെ നീങ്ങിപ്പോമൊരു
തങ്കക്കുടത്തിനെ വയലിന്റെ മൂലയിൽ
എടവഴി കേറുമ്പോൾ പടർപന്തൽ പോലുള്ളൊ
രരയാലിൻ ചോടെത്തി മറയുംവരെപ്പടി-
പ്പുരയീന്നു നോക്കുന്നു നങ്ങേലി"

മാതൃഹൃദയത്തിന്റെ ഉൽക്കണ്ഠ മുഴുവൻ ഈ വരികളിൽ കാണാം.

പൊന്നുംകുടം പോലെ, പൂവമ്പഴം പോലെ പോന്നു വരുന്ന പൊന്നുണ്ണിയെക്കണ്ട് പൂതത്തിനുള്ളിലൊരിക്കിളിതോന്നി. പൂതത്തിന്റെ മാറത്തു കോരിത്തരിച്ചു; ഓരോമന പെൺകിടാവായി അവൾ പൂത്തമരത്തിന്റെ ചോട്ടിൽചെന്നു നിന്നു. കൗശലത്താൽ ഉണ്ണിയെ പാട്ടിലാക്കി അവൾ കുന്നിനപ്പുറത്തേയ്ക്കു പോയി മറഞ്ഞു. അമ്മ മകനെ തേടിയെത്തി. പൂതത്തിന്റെ വിലപ്പെട്ട പ്രതിഫല വാഗ്ദാനത്തിലൊന്നും അവർ വീണില്ല. സ്വന്തം കണ്ണു ചൂഴ്ന്നെടുത്ത് പൂതത്തിന് കാഴ്ച വച്ചിട്ട് 'ഇതിലും വലിയതാണെന്റെ പൊന്നോമന, അതിനെത്തരികെന്റെ പൂതമേ നീ' എന്നവൾ കരഞ്ഞപേക്ഷിച്ചു. മായകൊണ്ടു മറെറാരുണ്ണിയെ നിർമിച്ചേകിയിട്ടും അമ്മയ്ക്ക് ബോധ്യമായില്ല. പെററവയറിനെ വഞ്ചിക്കുന്ന പൊട്ടപൂതത്തെ ശപിക്കാൻ ഒരുങ്ങി അവൾ. പൂതം ഭയപ്പെട്ടു കുഞ്ഞിനെ തിരികെ കൊടുത്തു. വർഷം തോറും പൊന്നുണ്ണിയെ കാണാൻ മകരക്കൊയ്ത്തു കഴിയുമ്പോൾ അവൾ ഓരോ വീട്ടിലും കേറിയിറങ്ങുന്നുവത്രേ.

"കേട്ടിട്ടില്ലേ തുടികൊട്ടും കലർ-
ന്നൊട്ടു ചിലമ്പിൻ കലമ്പലുകൾ?"

എന്നു കവി ചോദിക്കുന്നു.

'കാവിലെ പാട്ടി'ലെ അമ്മ ത്യാഗത്തിലാണ് നിർവൃതി കണ്ടെത്തുന്നത്. ക്രോധമൂർത്തിയായ ദേവിയുടെ മനസ്സ് മാററിയെടുക്കാൻ ആ ത്യാഗത്തിന് കഴിഞ്ഞു. ഏഴുകൊല്ലം നോൻപുനോററു താലികെട്ടിയ ഒരു സ്ത്രീ മറെറാരേഴുകൊല്ലം നോൻപുനോററ് അമ്മയായി ഇനിയൊരേഴുകൊ

ല്ലം മകനെ മുലയൂട്ടി വളർത്തി. വേറൊരേഴുകൊല്ലം അവൻ വാളുമായി കളരിയിൽപോയി അങ്കം വെട്ടി. ഈ വർഷങ്ങളുടെ ദൈർഘ്യം ആ അമ്മയും മകനും തമ്മിലുള്ള ബന്ധത്തിന്റെ ദാർഢ്യം വ്യക്തമാക്കുന്നു. കളരിയിൽനിന്നു തിരിച്ചെത്തുന്ന മകനുവേണ്ടി പൊടിയരിയാൽ ചോറുവച്ച് ചൂടുപാകമാക്കി, ഉരുക്കിയ നെയ് കോരിവീഴ്ത്തി സ്നിഗ്ധതരമാക്കി. പല കറികളൊരുക്കി. അവൻ വരികയായി വരികയായെന്നുഴറിയ കണ്ണോടെ അമ്മ കാത്തിരിക്കുന്നു. മകനോ? തെക്കെവിടെയോ നിന്ന് വന്ന് ആൽത്തറയിൽ കുടിയിരുന്ന ദേവിയുടെ കല്പനയനുസരിച്ച് സ്വയം കഴുത്തറുത്ത് അവളുടെ നിണദാഹം ശമിപ്പിച്ചു. മകനെതേടിയെത്തിയ അമ്മയുടെ ചോദ്യം ഇതായിരുന്നു. സ്വന്തം കഴുത്തറുത്തപ്പോൾ അവന്റെ കൈവിറച്ചോ ഇല്ലയോ? ഈയൊരു ചോദ്യത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ദേവിയുടെ മനസ്സിലെ ക്രൗര്യഭാവം അലിഞ്ഞുപോയി. ശിക്ഷക രക്ഷകയായി മാറി. ക്രോധത്തിന്റെ സ്ഥാനത്ത് കാരുണ്യം പെയ്തൊഴിഞ്ഞു. ആത്മപീഡനം മുഖേന ഭക്തരെ രക്ഷിക്കാൻ അന്നുമുതൽ ദേവി തയാറായി. ഇങ്ങനെ രണ്ടമ്മമാരും മക്കളും ദേവതമാരും വേറെങ്ങും പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി അറിവില്ല. ഒട്ടേറെ അർഥതലങ്ങളുള്ള കവിതകളാണ് ഇവ രണ്ടുമെന്ന് പറയേണ്ടതില്ലല്ലോ.

“അമ്മമാരുടെ മുഗ്ധതകൾക്കി-
ങ്ങവസിതിയുണ്ടോ ഭുവനത്തിൽ?
തന്നെത്തന്നെ തീറെ കൊടുത്തിവർ
പോററിയെടുപ്പീലാരാരെ?”

‘ബിംബിസാരന്റെ ഇടയ’നിലൂടെ കവി സംസാരിക്കുന്നു. തുടർന്നുള്ള വരികൾ:

“എനിക്കുമൊരുമാതുണ്ടായിപ-
ണ്ടെന്നെ നൃപന്നുകൊടുത്തപ്പോൾ
കിട്ടിയ വിൽക്കാശപ്പടിയെന്നുടെ
കോന്തലയ്ക്കലുടക്കിയവൾ.
അവൾക്കു കുളിരിനു കമ്പിളിനേടി-
പ്പിന്നീടെന്നോ ഞാൻ ചെൽകെ
ഒരട്ടിമണ്ണു പുതച്ചു കിടപ്പൂ
വീടാക്കടമേ മമ ജന്മം.”

ഈ വീടാക്കടത്തിന്റെ ദുഃഖം കവിയുടെ സ്വന്തം ദുഃഖം തന്നെ.

മാതൃത്വം അനുഗ്രഹം മാത്രമല്ല ശാപവും പകരുന്ന സന്ദർഭങ്ങൾ ഇടശ്ശേരിക്കവിതയിലുണ്ട്. ‘പണിമുടക്കം’ എന്ന കവിത നോക്കുക. ഏഴു ഖണ്ഡങ്ങളുള്ള ഒരു ദീർഘകവിതയാണത്. മില്ലിൽ പണിമുടക്കം. തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലായി. കൂനിൻമേൽ കുരുവെന്ന പോലെ നാട്ടിലെങ്ങും കോളറ പരന്നു. മുതലാളി മുട്ടുകുത്തിയില്ല. തൊഴിലാളികൾ സംഘടിച്ചു ശക്തരായി മുന്നേറി. അനപത്യനായ മുതലാളി സന്താനലാഭത്തിനുവേണ്ടി ഹോമപൂജാദികൾ നടത്തി. യജ്ഞാവസാനം നെയ്യിൽ കുറുക്കിയെടുത്ത പായസം നിവേദിച്ച് പരിസരവാസികൾക്ക് വിതരണം ചെയ്തു. പൊലീസ് മർദനമേററ് വികലാംഗനായിത്തീർന്ന രാമനെന്ന തൊഴിലാളിയുടെ പത്തുമക്കളും സുഭിക്ഷമായി പായസം ഉണ്ടു. അവർക്ക് അതിസാരം ബാധിച്ചു. ഓരോരുത്തരായി മരിച്ചുവീണു. രാമൻ ഓരോരുത്തരെയും കുഴിവെട്ടി മൂടി.

“കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ”

എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ട് തൊഴിലാളികളുടെ ജാഥ മുന്നോട്ടുപോയി.

ഒരുവശത്ത് സന്താനസൗഭാഗ്യത്തിനുവേണ്ടിയുള്ള യജ്ഞം. മറുവശത്ത് യജ്ഞപ്രസാദം ഭുജിച്ച പത്തു മക്കളുടെ അകാലമരണം. എന്തൊരു വൈരുധ്യം! ‘ശാശ്വതമൊന്നേ ദുഃഖം’ എന്ന തത്ത്വത്തിലേക്കാണോ ഈ കവിത വിരൽ ചൂണ്ടുന്നത്?

‘പണിമുടക്കം’ പോലെ തന്നെ പ്രസിദ്ധമായ കവിതയാണ് ‘പുത്തൻ കലവും അരിവാളും’! ഒരു സാധാരണ കൃഷീവല കുടുംബത്തിന്റെ വെമ്പലും വേവലാതിയും ഇതിൽ ഒപ്പിയെടുത്തവതരിപ്പിച്ചിരിക്കുന്നു. കോമനാണ് ഗൃഹനാഥൻ പാടത്തുവിത്തുവിതച്ച് മുളച്ചപ്പോൾ

“ഏറെപ്പൊൻമുള പാടത്തോ കുളിർ
കോരിയ കോമനുമാറത്തോ?”

എന്നാണ് കവി സംശയിക്കുന്നത്. കളപറിക്കാൻ ഒരുപാട് പണം ചെലവായി.

“ആരോമൽ ചേകവരങ്കം പിടിച്ചിട്ടും
അരമുഴം നീങ്ങീലാ പുൽച്ചേരി”

കുടുംബത്തിലെ അത്യാവശ്യങ്ങൾ നിറവേററാൻ പണമില്ല!

“ചെക്കന്നുപീസുകൊടുത്തില്ല കോമൻ
പക്കക്കുറിക്ക് നികത്തീലാ”

എല്ലാം വിളവെടുത്തിട്ടുവേണം. കുടുംബാംഗങ്ങൾ ഓരോരുത്തരം ഓരോ സ്വപ്നം കണ്ട്

കൊയ്ത്തു കാത്തിരുന്നു. പരിണാമമോ? വിളവുകൊയ്തത് കോടതിയാമിനും ആൾക്കാരുമാണ്. (പാട്ടക്കുടിശ്ശികയുടെ പേരിൽ കേസുകെടുത്ത് ജന്മി വിള ജപ്തി ചെയ്യിച്ചിരുന്നു)

“വിത്തുവിതച്ചോർ കാണട്ടെ വിള
കൊയ്ത്തു നടത്തി ജന്മിത്തം”

ഈ സംഭവത്തിൽ നിന്നാണ് ഒരു പുതിയ മുദ്രാവാക്യം ഉയിർക്കൊണ്ടത്.

“അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടേ പൊന്നാര്യൻ.”

ഭൂനയ ബില്ലുവരുന്നതിനു മുൻപെഴുതിയ ഈ കവിത കേരളത്തിലെ കുടിയാന്മാരുടെ കുടുംബ പ്രാരാബ്ധം പകർത്തി വച്ചിരിക്കുന്നു.

‘പള്ളിക്കൂടത്തിലേക്ക് വീണ്ടും’ ‘മകന്റെ വാശി’ തുടങ്ങിയ കവിതകളിൽ പിതൃഹൃദയത്തിലെ ഉൽകണ്ഠയും ആകാംക്ഷയും പ്രതിഫലിക്കുന്നു. പിതൃപ്രധാനമായ കവിതകളിൽ ഏറെ ഹൃദയസ്പർശിയായതാണ് ‘അങ്ങേവീട്ടിലേക്ക്’ ഒരു ദരിദ്രപിതാവിന് സമ്പന്നനായ മരുമകനെ കിട്ടി. ഇടയ്ക്ക് മകളെ കാണാൻ ചെന്നു ബുദ്ധിമുട്ടിക്കരുതെന്നാണ് ജാമാതാവിന്റെ വ്യവസ്ഥ. പിതൃഹൃദയം അത്ര കഠിനമല്ലല്ലോ. മകളെ കാണാൻ അത് വെമ്പൽ കൊണ്ടു. ‘വിററതല്ലല്ലോ. ചെന്നു കണ്ടു പോന്നുകൂടെ?” എന്ന് ഭാര്യ പ്രലോഭിപ്പിച്ചു. അച്ഛൻ മകളെ കാണാൻ പുറപ്പെട്ടു. വഴിക്ക് മകൾ പഠിച്ച സ്കൂൾ കണ്ടപ്പോൾ അവളുടെ കൗമാരകാല സ്മരണകൾ ഉള്ളിൽ കൗതുകമുണർത്തി. ജാമാതാവ് പൂമുഖത്ത് പദവിക്കൊത്ത പ്രൗഢിയോടെ കൂട്ടുകാരുമായി സല്ലപിച്ചിരിക്കുന്നു. അവിടെക്കെത്തിനോക്കിയ വയസ്സൻ ആരെന്ന് സുഹൃത്തുക്കൾ തിരക്കി. സംഭാഷണം കേട്ട് മകളും അങ്ങോട്ടുവന്നു. ‘ഇയാളെ അപ്പുറത്തെങ്ങാനും കൊണ്ടുപോയി വല്ലതും കൊടുത്തേക്കൂ’ എന്നായിരുന്നു ഭർത്താവിന്റെ കല്പന. ‘വഴി തെററുന്നു വയസ്സാകുമ്പോൾ അങ്ങേ വീട്ടിൽ കയറേണ്ടതായിരുന്നു’ എന്നു പറഞ്ഞ് വൃദ്ധപിതാവ് ഉടനെ ആ പടിയിറങ്ങി.

ഒരു ദരിദ്രഗൃഹത്തിലെ പെണ്ണുകാണൽ രംഗമാണ് ‘കല്യാണപ്പുടവ’യിലെ പ്രതിപാദ്യം. മകൾക്ക് ഉടുത്തൊരുങ്ങാനുള്ള മുണ്ടുവാങ്ങാൻ അങ്ങാടിക്ക് പോയ അച്ഛൻ തിരിച്ചെത്താൻ വൈകി. സൽക്കാരം കഴിഞ്ഞിട്ടും പെണ്ണുപുറത്തേയ്ക്ക് വരാതിരുന്നപ്പോൾ അതിഥികൾ ക്ഷമകേടു കാണിച്ചു.

“ബോധിച്ചതില്ലെനിയ്, ക്കെന്തിന്നവർ പിന്നെ
വാദിച്ചു നിൽക്കണമെന്നെ കാണാൻ.”

എന്നായിരുന്നു കന്യകയുടെ പ്രതികരണം. നാണം മറയ്ക്കാൻ വഴി കാണാത്ത ഒരു യുവതി കുടുംബത്തിന്റെ മാനം രക്ഷിക്കാൻ വേണ്ടി പറയുന്ന ഈ നുണ വായനക്കാരന്റെ കണ്ണുകളീറനാക്കും.

അകാലത്തിലന്തരിച്ച പുത്രനെയും ഭാഗിനേയിയെയും കുറിച്ചുള്ള ഓർമകളാണ് ‘ശിരോലിഖിതം’, ‘ജാനകി’, ‘പള്ളിച്ചൂണ്ടൽ’ എന്നീ കവിതകളിലുള്ളത്. ‘പള്ളിക്കൂടത്തിലേക്ക് വീണ്ടും’, ‘പരിപൂർണതയിലേക്ക്’ മുതലായ കവിതകളും പിതൃവാത്സല്യത്തിന്റെ വിവിധ മുഖങ്ങൾ കാണിച്ചുതരുന്നു.

സാഹോദര്യത്തിന്റെ വൈവിധ്യം കാണിച്ചു തരുന്ന പല കവിതകളും ഇടശ്ശേരി എഴുതിയിട്ടുണ്ട്. ‘വിവാഹസമ്മാനം’, ‘പെങ്ങൾ’ എന്നിവ അത്തരം കവിതകളിൽ മികച്ചു നിൽക്കുന്നു. സ്വന്തം കാമുകൻ അനുജത്തിയെ വിവാഹം കഴിക്കാനിടവന്നാൽ ഒരു പ്രേമതപസ്വിനി അതെങ്ങനെ സഹിക്കും? ആ നവദമ്പതികൾക്ക് വിവാഹ സമ്മാനമായി സ്വന്തം ജീവിതം തന്നെ കാഴ്ചവയ്ക്കാൻ അവൾ ഒരുങ്ങി. വിവാഹരാത്രി പുലരാൻ കാലത്ത് അനുജനുമൊത്ത് അവൾ കുളക്കടവിലേക്ക് നീങ്ങി. അവനോട് നടത്തുന്ന സംഭാഷണത്തിലൂടെ കഥയുടെ ഇതൾ വിരിയുന്നു. അമ്മയുടെ കുററം പറച്ചിലും അയൽക്കാരുടെ സഹതാപവും കേൾക്കാൻ നിൽക്കാതെ അവൾ ആത്മഹത്യയ്ക്കൊരുങ്ങുന്നു

“ഞാനീക്കറുത്തൊരു നീറ്റിൽമുങ്ങി-
ക്കാണാതെയാമ്പോൾക്കരയുമോ നീ”

എന്നാണ് ചേച്ചിയുടെ ചോദ്യം. ‘കറുത്തനീര്’ മരണാനന്തര ലോകത്തെ സൂചിപ്പിക്കുന്നില്ലേ? (വള്ളത്തോളിന്റെ ‘രാധയുടെ കൃതാർഥത’ എന്ന കവിതയും എം.ടിയുടെ കുട്ട്യേടത്തിയെന്ന കഥയും ഈ കവിത വായിക്കുമ്പോൾ ഓർമ വരും.

അനുജനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച് സ്വയം ജീവിക്കാൻ മറന്നുപോയ പെങ്ങളുടെ കഥയും ഹൃദയാവർജകമാണ്. തനിക്കഞ്ചുവയസ്സുള്ളപ്പോൾ തൊണ്ണൂറുതികയാത്ത അനുജന്റെ സംരക്ഷണഭാരം ഏറെറടുത്തതാണവൾ. അയാൾ പഠിച്ചുദ്യോഗസ്ഥനായപ്പോൾ ചേച്ചിയുടെ ദുർനടപ്പിനെക്കുറിച്ച് ബോധവാനായി. ഇരുവരും കൂടി നാടുവിടണമെന്ന് അയാൾ ശഠിച്ചു. ആ കുടുംബത്തെ ക്ളേശവിമുക്തമാക്കിയ ആണൊരുത്തനെ വിട്ടുപോകേണ്ടി വരുന്നതിൽ അവൾക്ക് വിഷമമുണ്ട്. അനുജന്റെ അഭിമാനം സംരക്ഷിക്കാൻ വേണ്ടി ചേച്ചി എങ്ങോട്ടെന്നില്ലാതെ ഇറങ്ങിപ്പോകുന്നു.

ഒട്ടാകെ മുന്നൂറോളം കവിതകൾ ഇടശ്ശേരി എഴുതിയിട്ടുണ്ട്. അവയിൽ ഇടത്തരം കുടുംബങ്ങളുടെ ദൈന്യം പകർത്തുന്നവ സ്വാനുഭവ പ്രചോദിതങ്ങളായതുകൊണ്ടാകാം കൂടുതൽ ഹൃദ്യങ്ങളായി തോന്നുന്നു. ഓരോ കഥാപാത്രത്തിന്റെയും ഹൃദയഭാവങ്ങളെ വായനക്കാരൻ തൊട്ടറിയുന്നു. മിക്കതും ദുഃഖപരിണാമികളാണ്. ('തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' തുടങ്ങി ചുരുക്കം ചിലത് വ്യത്യസ്തമാവാം.)

"ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാ
തെന്തിനു ജീവിത പലഹാരം?"

എന്നു ചോദിച്ചതും ഇടശ്ശേരിയാണല്ലോ

"മാനവവംശമഹാകഥവേദം
മർത്ത്യസ്നേഹം ധർമം
മനുജകുലം താൻ തന്റെ കുടുംബം
മതമോ ശാസ്ത്രജ്ഞാനം"

എന്ന ഈരടിയിൽ ഇടശ്ശേരിയുടെ ലോക വീക്ഷണം പ്രതിഫലിക്കുന്നുവെന്ന് ചുരുക്കം

ഗ്രന്ഥാലോകം - ജൂലായ് 2004.